

സൂറ-20

# ത്വാഹാ

ആയത്ത് 1 മുതൽ 3 വരെ

**തുടക്കത്തിലുള്ള ത്വാഹാ എന്ന ഒറ്റ അക്ഷരങ്ങൾ തന്നെയാണ് ഈ സൂറഃയുടെ പ്രചുരമായ നാമം. 'സൂറത്തുൽകലീം' എന്നും 'സൂറത്തു മൂസാ' എന്നും കൂടി ഇതിനു പേരുള്ളതായി ചില നിവേദനങ്ങളുണ്ട്.**

## ആമുഖം

മുസ്ഹഫുകളിൽ 20-ാമതായി ചേർത്തിട്ടുള്ള ഈ സൂറഃ അവതരണ ക്രമമനുസരിച്ച് 45-ാമത്തേതാണ്. സൂറഃ മർയമിനുശേഷം അൽവാഖിഅഃക്കു മുമ്പായി ഇതവതരിച്ചുവെന്നാണ് ചരിത്രം. ഉമർ(റ) ഇസ്‌ലാമിൽ വരുന്നതിനു തൊട്ടുമുമ്പാണിതിന്റെ അവതരണമെന്നതിൽ തർക്കമില്ല. ഉമറിന്റെ മാനസാന്തരം മുഹമ്മദ് നബി പ്രവാചകനായതിന്റെ 5-ാം വർഷമായിരുന്നുവല്ലോ. അപ്പോൾ നുബുവ്വത്തിന്റെ നാലാം വർഷം അവസാനത്തിലോ അഞ്ചാം വർഷം ആരംഭത്തിലോ ആയിരിക്കണം സൂറഃ ത്വാഹ അവതരിച്ചത്.

ഉമറിന്റെ മാനസാന്തര സംഭവം ചരിത്രകാരനായ ഇബ്നുഇസ്ഹാഖ് അദ്ദേഹത്തിന്റെ 'സീറത്തുന്നബിയ്യി'ൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ആദ്യ കാലത്ത് ഇസ്‌ലാമിന്റെ ബദ്ധവൈരിയായിരുന്നു ഉമർ. ഒരുനാൾ അദ്ദേഹം ഊരിപ്പിടിച്ച വാളുമായി മുഹമ്മദ് നബി(സ)യെ വധിക്കാൻ തുനിഞ്ഞിറങ്ങി. ആ പോക്കിൽ അദ്ദേഹത്തെ കണ്ടുമുട്ടിയ നുഐം ബിൻ അബ്ദുസ്സലാം എന്ന സ്നേഹിതൻ ചോദിച്ചു: എവിടെപ്പോകുന്നു ഉമർ? ഉമർ: "ഈ മതം മാറിയ മുഹമ്മദിനെ തേടിയിറങ്ങിയതാണ് ഞാൻ. അവൻ ഖുറൈശികളുടെ ഐക്യം ശിഥിലമാക്കി. അവരുടെ സ്വപ്നങ്ങളെ അവഹേളിച്ചു. മതത്തെ അവമതിച്ചു. ദൈവങ്ങളെ അധിക്ഷേപിച്ചു. ഞാനവന്റെ കഥകഴിക്കാൻ പോവുകയാണ്." നുഐം പറഞ്ഞു: "ഓ ഉമറേ, നിങ്ങൾ നിങ്ങളെത്തന്നെ ചതിക്കുകയാണ്. മുഹമ്മദിനെ കൊന്നിട്ട് ഈ നാട്ടിൽ നടക്കാൻ അബ്ദുമനാഫ് കുടുംബം നിങ്ങളെ വിടുമെന്നു വിചാരിക്കുന്നുണ്ടോ? നിങ്ങൾ സ്വന്തം കുടുംബത്തിൽ ചെന്ന് അവരെ നേരെയാക്കാൻ നോക്കാത്തതെന്തേ?" ഉമർ: "എന്റെ കുടുംബത്തിലാരാണ് വഴിപിഴച്ചത്?"

നുഐം: "നിങ്ങളുടെ സഹോദരി ഫാത്വിമ ബിൻതുൽ ഖത്വാബും സ്യാലനും പിതൃവ്യ പുത്രനുമായ സഈദ് ബിൻ സൈദും. അല്ലാഹുവാണ, അവർ രണ്ടു പേരും മുസ്‌ലിംകളായി മുഹമ്മദിന്റെ മതം ആചരിക്കുന്നുണ്ട്. നിങ്ങൾ നോക്കേണ്ടത് അവരുടെ കാര്യമാണ്."

ഉമർ ഉടനെ സഹോദരിയെയും സ്യാലനെയും തേടി പുറപ്പെട്ടു. അദ്ദേഹം അവരുടെ വീട്ടിൽ ചെല്ലുമ്പോൾ അവിടെ ഖബ്ബാബ് ബിൻ അറത് എന്ന പ്രവാചക ശിഷ്യനും ഉണ്ടായിരുന്നു. ഖബ്ബാബ് ഉമറിന്റെ സഹോദരിയെയും ഭർത്താവിനെയും സൂറഃ ത്വാഹായിലെ ആദ്യ സൂക്തങ്ങൾ രേഖപ്പെടുത്തിയ ഒരു ഏട് വായിച്ചുകേൾപ്പിക്കുകയായിരുന്നു. ഉമറിന്റെ കാലൊച്ച കേട്ടപ്പോൾ അദ്ദേഹം അകത്തുപോയി ഒരു മുക്കിലൊളിച്ചു. ഏടെടുത്ത് ഫാത്വിമ തന്റെ മടിത്തട്ടിനടിയിൽ വെച്ചു. എന്നാൽ, ഉമർ ഖബ്ബാബിന്റെ ഖുർആൻ പാരായണം കേട്ടിരുന്നു. വീട്ടിൽ പ്രവേശിച്ച അദ്ദേഹം ചോദിച്ചു: "ഇവിടെ നിന്ന് ഒരൊച്ച കേട്ടല്ലോ, അതെന്താണ്?"

സഹോദരിയും ഭർത്താവും പറഞ്ഞു: "ഇല്ല, നിങ്ങൾ ഒന്നും കേട്ടിട്ടില്ല." ഉമർ: "അല്ല, തീർച്ചയായും കേട്ടിരിക്കുന്നു. അല്ലാഹുവാണ, നിങ്ങൾ മുഹമ്മദിന്റെ മതം പിന്തുടരുന്നതായി എനിക്ക് വിവരം കിട്ടിയിരിക്കുന്നു."

അദ്ദേഹം സ്യാലൻ സഈദ് ബിൻ സൈദിന്റെ മേൽ ചാടിവീണു. ഭർത്താവിനെ രക്ഷിക്കാൻ ചെന്ന ഫാത്വിമക്കും അടികൊണ്ട് പരിക്കേറ്റു. അത്രയുമായപ്പോൾ സഹോദരി ദൃഢസ്വരത്തിൽ പറഞ്ഞു: "അതെ, ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചിരിക്കുന്നു. ഇനി നിങ്ങൾക്ക് തോന്നുന്നതെന്താണെങ്കിലും ചെയ്തു കൊള്ളുക."

ഉമറിന് തന്റെ ചെയ്തിയിൽ ഖേദം തോന്നി. അദ്ദേഹം തരളിതനായി സഹോദരിയോടാവശ്യപ്പെട്ടു: "നിങ്ങളിപ്പോൾ വായിച്ചിരുന്നതായി ഞാൻ കേട്ട ആ ഏടൊന്നു തരൂ. മുഹമ്മദ് ഈ കൊണ്ടുവന്നിരിക്കുന്നതെന്താണെന്ന് ഞാനൊന്നു നോക്കട്ടെ."

സഹോദരി: "നിങ്ങൾ അത് നശിപ്പിച്ചുകളയുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു." ഉമർ: "പേടിക്കേണ്ട." വായിച്ചു നോക്കി തിരിച്ചു കൊടുക്കാമെന്ന് തന്റെ ദൈവങ്ങളെപ്പിടിച്ചാണയിടുകയും ചെയ്തു. അതുകേട്ട് അദ്ദേഹത്തിന്റെ മാനസാന്തരത്തിൽ പ്രതീക്ഷ തോന്നിയ സഹോദരി പറഞ്ഞു: "പ്രിയ സഹോദരാ, നിങ്ങൾ വിഗ്രഹാരാധകനാകയാൽ അശുദ്ധനാണ്. ഈ ഏടാവട്ടെ ശുദ്ധിയുള്ളവരേ തൊടാവൂ."

ഉമർ ഉടനെ പോയി കുളിച്ചു വന്നു. സഹോദരി ഏട് അദ്ദേഹത്തിനു കൈമാറി. സൂറഃ *ത്വാഹാ*യായിരുന്നു അതിലുണ്ടായിരുന്നത്. അതിലെ ആദ്യ വചനങ്ങൾ വായിച്ച് ഉമർ ആത്മഗതം ചെയ്തു: "എത്ര മനോഹരവും മഹത്തരവുമായ വചനങ്ങൾ!" ഇതു കേട്ട ഖബ്ബാബ് വെളിയിൽ വന്നിട്ടു പറഞ്ഞു: "അല്ലയോ ഉമർ, അല്ലാഹുവാണ, അല്ലാഹു അവന്റെ പ്രവാചകന്റെ പ്രബോധനം കൊണ്ട് താങ്കളെ തെരഞ്ഞെടുത്തിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇന്നലെപ്പോലും റസൂൽ തിരുമേനി പ്രാർഥിക്കുന്നത് ഞാൻ കേൾക്കുകയുണ്ടായി: അല്ലാഹുവേ, അബുൽ ഹകം ബിൻ ഹിശാമിലൂടെയോ അല്ലെങ്കിൽ ഉമർ ബിൻ ഖത്ത്വാബിലൂടെയോ ഇസ്‌ലാമിനെ ശക്തിപ്പെടുത്തേണമേ! ആകയാൽ അല്ലാഹു, നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു ഉമറേ."

ഉമർ: "മുഹമ്മദ് എവിടെയുണ്ടെന്ന് പറഞ്ഞു തരൂ ഖബ്ബാബ്. ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് പോകട്ടെ." അങ്ങനെ ഉമർ ഇസ്‌ലാം സ്വീകരിച്ചു. അല്ലാഹു അദ്ദേഹത്തിൽ സംപ്രീതനായി.

ഈ സൂറഃ പൂർണമായും മക്കയിലവതരിച്ചതാണെന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും പ്രസ്താവിച്ചിരിക്കുന്നു. ഇതിലെ 130, 131 സൂക്തങ്ങൾ മദീനയിലാണവതരിച്ചതെന്ന് ചിലർക്ക് അഭിപ്രായമുണ്ട്. പ്രസ്തുത സൂക്തങ്ങൾ മദീനയിൽ വെച്ച് മാത്രം ആദ്യം കേട്ട ചിലർക്കുണ്ടായ തെറ്റിദ്ധാരണയാണ തെന്നാണ് ഇബ്നു ആശൂർ പറയുന്നത്.

തുടക്കത്തിലുള്ള ത്വാഹാ എന്ന ഒറ്റ അക്ഷരങ്ങൾ തന്നെ യാണ് ഈ സൂറഃയുടെ പ്രചുരമായ നാമം. 'സൂറത്തുൽകലീം' എന്നും 'സൂറത്തു മൂസാ' എന്നും കൂടി ഇതിനു പേരുള്ളതായി ചില നിവേദനങ്ങളുണ്ട്.

മുൻ സൂറയെപ്പോലെ ഈ സൂറയുടെയും അടിസ്ഥാന പ്രമേയം ഏകദൈവത്വവും പ്രവാചകത്വവും പരലോകവുമാണ്. ഖുർആന്റെ അവതരണോദ്ദേശ്യവും അതിന്റെ ദൈവികതയും വിളംബരം ചെയ്തുകൊണ്ടാണ് സൂറഃ ആരംഭിക്കുന്നത്. അക്കാലത്ത് പ്രവാചകനും സഖാക്കളും ഖുറൈശികളിൽ നിന്ന് കടുത്ത പീഡനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്ന് നടേ ഉദ്ധരിച്ച ഉമറിന്റെ മാനസാന്തര കഥയിൽ നിന്ന് വ്യക്തമാണല്ലോ. ഖുർആൻ അവതരിപ്പിക്കുന്നത് പ്രവാചകൻ പീഡിതനാകുന്നതിനു വേണ്ടിയല്ലെന്നും മനുഷ്യർക്കാകമാനമുള്ള സത്യസന്ദേശമാണിതെന്നും ഓർമിപ്പിച്ചുകൊണ്ടാണ് തുടക്കം. എതിർപ്പുകളിൽ മനംമടുക്കരുത്, അക്ഷമനാകരുത്, സഹനമവലംബിച്ച് ദൃഢചിത്തതയോടെ ആദർശ പ്രചാരണം തുടരണം. ഇപ്പോഴത്തെ വിഷമതകളെല്ലാം നീങ്ങുകയും ഈ ആദർശം വിശിഷ്ടമായ പരിണതിയിലെത്തിക്കുകയും ചെയ്യുന്ന കാലം വരുന്നുണ്ട്. സത്യപ്രബോധകർ പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടിവരിക സാധാരണമാണ്. ഉദാഹരണമായി, മൂസാ(അ)യുടെ ചരിത്രം വിവരിക്കുന്നു. സൂറയുടെ പകുതിയിലേറെ ഭാഗം മൂസാ ചരിത്രമാണ്. 93 മുതൽ 98 വരെ സൂക്തങ്ങൾ. അതിന്റെ നല്ലൊരംശം മുമ്പ് പല സൂറകളിലായി വന്നിട്ടുള്ളതുതന്നെയാണ്. നബി(സ)യുടെയും ശിഷ്യന്മാരുടെയും സഹന ശക്തിയും ആദർശവീര്യവും ശുഭപ്രതീക്ഷയും പോഷിപ്പിക്കാൻ അവയെല്ലാം ഇവിടെ ആവർത്തിക്കുകയാണ്.

മദ്‌യനിൽ നിന്നുള്ള മൂസാ(അ)യുടെ തിരിച്ചുവരവ്, വിശുദ്ധ താഴ്വരയായ ത്വുവായിൽ വെച്ചുള്ള പ്രവാചകത്വലബ്ധി, പ്രാഥമിക മാർഗദർശനങ്ങൾ, വടിയുടെയും ധവളഹസ്തത്തിന്റെയും ദിവ്യാത്ഭുതങ്ങൾ, ഹാറൂനിന്റെ സഹപ്രവാചകത്വം, ഫറവോനോടുള്ള പ്രബോധനം, ശൈശവത്തിൽ ആറ്റിലൊഴുക്കപ്പെട്ടത്, ഫറവോന്റെ കൊട്ടാരത്തിൽ വളർത്തപ്പെട്ടത്, മന്ത്രവാദികളുമായുണ്ടായ മത്സരം, മൂസായിൽ വിശ്വസിച്ച മന്ത്രവാദികളെ ഫറവോൻ ശിക്ഷിച്ചത്, ഇസ്രാഈല്യരെയും കൂട്ടി ഈജിപ്തിൽ നിന്ന് പലായനം ചെയ്തതും അവരെ പിന്തുടർന്ന് ഫറവോനും പടയും ചെങ്കടലിൽ മുങ്ങി നശിച്ചതും, ചെങ്കടൽ തരണം ചെയ്ത ഇസ്രാഈല്യർക്ക് അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ, സാമിരി ഉണ്ടാക്കിയ കുഴപ്പങ്ങൾ തുടങ്ങിയ സംഭവങ്ങളെല്ലാം സൂറഃ പരാമർശിക്കുന്നുണ്ട്.

ദൃഢചിത്തനും ആദർശധീരനുമായ ഒരു പ്രവാചകനെ വളർത്തിയെടുക്കാൻ വിധി സ്വീകരിക്കുന്ന വിചിത്രമായ രീതികൾ ഈ വിവരണങ്ങളിൽ തെളിഞ്ഞുകാണാം. സത്യപ്രബോധനം പ്രബോധകന്റെ സ്വന്തം ജനങ്ങളാലോ അന്യജനങ്ങളാലോ പൂമാലയിട്ടു സ്വീകരിക്കപ്പെടുകയില്ലെന്നും അകത്തുനിന്നും പുറത്തുനിന്നും എതിർപ്പുകൾ നേരിടേണ്ടിവരുമെന്നുമാണ് മൂസാ ചരിത്രം നൽകുന്ന മറ്റൊരു പാഠം. മൂസാ(അ) സ്വജനങ്ങളെ ഫറവോന്റെ ക്രൂരമായ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച ശേഷം പോലും അവസരം കിട്ടുമ്പോഴൊക്കെ അവർ അദ്ദേഹത്തെ ധിക്കരിക്കാനും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്വാംശീകരിക്കാനും വെമ്പൽ കൊണ്ടതും ചൂണ്ടിക്കാണിക്കുന്നു.

മൂസാ നബിയുടെ ചരിത്രകഥനത്തിനു ശേഷം മുഹമ്മദ് നബിയെ സംബോധന ചെയ്തുകൊണ്ട് പ്രഭാഷണം സൂറഃ ആരംഭിച്ച വിഷയത്തിലേക്കുതന്നെ മടങ്ങുന്നു. ഇപ്പറഞ്ഞ സംഭവങ്ങൾ വെറും കഴിഞ്ഞ കാല കഥകളല്ല, സൂക്ഷ്മ വീക്ഷണത്തിൽ മുഹമ്മദീയ പ്രവാചകത്വത്തിന്റെയും ചരിത്രമാണിതെന്നാണതിന്റെ ധ്വനി. മുഹമ്മദ് നബിക്കരുളിയ ഈ ഖുർആനിലൂടെ മനുഷ്യരുടെ ജീവിത സാഫല്യത്തിന്റെ മാർഗമേതാണെന്ന് ഉണർത്തിയിരിക്കുകയാണല്ലാഹു. ആളുകൾ അത് സ്വീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അതിന്റെ തിക്തഫലം ഇഹത്തിലും പരത്തിലും അവർ അനുഭവിക്കേണ്ടിവരും. ചരിത്രത്തിൽ അതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. താങ്കൾ അതിൽ വെപ്രാളപ്പെടേണ്ട കാര്യമില്ല. സത്യം പ്രബോധനം ചെയ്യുക മാത്രമാണ് പ്രബോധകന്റെ ചുമതല. ആരെങ്കിലും അത് തള്ളിക്കളയുന്നുവെങ്കിൽ പ്രബോധകന് അതിൽ ഉത്തരവാദിത്വമില്ല. ക്ഷമയോടെ സ്ഥൈര്യത്തോടെ സ്വന്തം ചുമതല നിർവഹിച്ചുകൊണ്ടിരിക്കുക. ഫലം അല്ലാഹുവിൽ ഭരമേൽപിക്കുക. അവന്റെ തീരുമാനം കാത്തിരിക്കുക. അക്ഷമയും ആർത്തിയും ചെകുത്താന്ന് കടന്നുവരാൻ അവസരമൊരുക്കും. ആദിപിതാവ് ആദമിനെ ചെകുത്താൻ പറ്റിച്ചത് അദ്ദേഹത്തിന്റെ അക്ഷമയും ആർത്തിയും ഉപയോഗപ്പെടുത്തിയിട്ടാണ്. ക്ഷമയും സഹനശേഷിയും സ്ഥൈര്യവും നിലനിൽക്കാനും വളരാനും നമസ്കാരത്തിൽ ജാഗ്രത പുലർത്തണം. പ്രമാണിമാരും ധനാഢ്യന്മാരും ഇസ്‌ലാമിൽ വരികയാണെങ്കിൽ ഈ പ്രസ്ഥാനത്തിനത് വലിയ ശക്തിയാകുമെന്ന് കരുതി അവർ വിശ്വാസം കൈക്കൊള്ളാൻ പ്രവാചകൻ ബദ്ധപ്പെടേണ്ട കാര്യമില്ല. ഈ പ്രസ്ഥാനത്തിന്റെ യഥാർഥ ശക്തിയും സജ്ജീകരണവും താങ്കളോടൊപ്പം തന്നെയുണ്ട്. അല്ലാഹുവാണ് താങ്കളുടെ സംരക്ഷണവും മാർഗദർശനവും ഏറ്റെടുത്തിരിക്കുന്നത്. താങ്കളെ ഉത്തരം മുട്ടിക്കാൻ വേണ്ടി ദൈവിക ശിക്ഷ യാഥാർഥ്യമാക്കി കാണിക്കാനാവശ്യപ്പെടുന്ന ധിക്കാരികളോട് പറയുക: മുന്നറിയിപ്പും സുവിശേഷവും നൽകുക മാത്രമാകുന്നു എന്റെ ചുമതല. ഞാനത് നിർവഹിച്ചിരിക്കുന്നു. ഇനി ശിക്ഷ വന്നിറങ്ങുന്നതുതന്നെയാണ് നിങ്ങൾ കാത്തിരിക്കുന്നതെങ്കിൽ കാത്തിരുന്നുകൊള്ളുവിൻ. ഞാനും കാത്തിരിക്കാം.

**തിരുത്ത്**

ലക്കം 2832-ലെ *ഖുർആൻ ബോധന*ത്തിൽ (745) സൂറഃ *മർയമി*ലെ അവസാന സൂക്തത്തിന്റെ അർഥം കൊടുത്തതിൽ 'ഇന്ന് നിന്ന് ആരെയെങ്കിലും നിനക്കനുഭവപ്പെടുന്നുണ്ടോ' എന്ന് അച്ചടിച്ചത് 'ഇന്ന് അവരിൽ നിന്ന് ആരെയെങ്കിലും നിനക്ക് അനുഭവപ്പെടുന്നുണ്ടോ' എന്ന് തിരുത്തിവായിക്കേണ്ടതാണ്. പിശക് പറ്റിയതിൽ ഖേദിക്കുന്നു. ചൂണ്ടിക്കാണിച്ചവർക്ക് നന്ദി. – പത്രാധിപർ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

ശിഷ്ട ജനത്തിനും ദുഷ്ട ജനത്തിനും ഒരുപോലെ കരുണ ചൊരിയുന്നവനും
ശിഷ്ട ജനത്തിന് പരലോകത്ത് സവിശേഷം കാരുണ്യമരുളുന്നവനുമായ അല്ലാഹുവിന്റെ നാമത്തില്‍.

طه ﴿١﴾

1. ത്വാ-ഹാ

مَآ أَنزَلۡنَا عَلَيۡكَ ٱلۡقُرۡءَانَ لِتَشۡقَىٰٓ ﴿٢﴾

2. നീ യാതനയിലകപ്പെടാന്‍ വേണ്ടിയല്ല നാം ഈ ഖുര്‍ആന്‍ അവതരിപ്പിച്ചുതന്നിരിക്കുന്നത്.

إِلَّا تَذۡكِرَةً لِّمَن يَخۡشَىٰ ﴿٣﴾

3. ഭയഭക്തന്മാര്‍ക്ക് ഉദ്‌ബോധനം മാത്രമാണിത്.

مَآ أَنزَلۡنَا عَلَيۡكَ = നാം നിനക്ക് അവതരിപ്പിച്ചി(ച്ചു തന്നിരിക്കുന്നത്)ട്ടില്ല ٱلۡقُرۡءَانَ = ഈ ഖുര്‍ആന്‍

لِتَشۡقَىٰٓ = നീ ക്ലേശിക്കാന്‍ (യാതനയിലകപ്പെടാന്‍ വേണ്ടിയല്ല)

إِلَّا تَذۡكِرَةً = അല്ലാതെ (ഇത്) ഉല്‍ബോധനം (മാത്രമാകുന്നു) لِّمَن يَخۡشَىٰ = ഭയഭക്തിയുള്ളവര്‍ക്കുള്ള

**1**

സൂറകളുടെ തുടക്കത്തില്‍ വരുന്ന ഒറ്റയക്ഷരങ്ങളെക്കുറിച്ച് നേരത്തെ ഇതുപോലെ ആരംഭിക്കുന്ന സൂറകളുടെ വിശദീകരണത്തില്‍ ചര്‍ച്ച ചെയ്തിട്ടുണ്ട്. ഇവിടെ ത്വാ-ഹാ എന്ന അക്ഷരങ്ങളെ സൂറയുടെ പ്രഥമ സൂക്തമായി എണ്ണപ്പെട്ടിരിക്കുന്നു. മറ്റു പല സൂറകളിലും ആദ്യ സൂക്തങ്ങളുടെ ഭാഗമായിട്ടാണ് ഒറ്റ അക്ഷരങ്ങള്‍ വന്നിട്ടുള്ളത്. നടേ സൂചിപ്പിച്ചതുപോലെ സൂറയുടെ പേരുമാണ് ഈ അക്ഷരങ്ങള്‍.

ത്വാ-ഹാ എന്ന അക്ഷരങ്ങളെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങള്‍ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ത്വാഹാ അല്ലാഹുവിന്റെ നാമങ്ങളിലൊന്നാണെന്നതാണ് ഒരഭിപ്രായം. പ്രവാചകന്റെ അപര നാമങ്ങളിലൊന്നാണിതെന്ന് മറ്റൊരഭിപ്രായം. ത്വാഹാ എന്ന് അല്ലാഹു പ്രവാചകനെ സംബോധന ചെയ്തിരിക്കുകയാണ്. ത്വാഹാ ഒരു വാക്യമാണെന്നാണ് ഇനിയൊരഭിപ്രായം. ഇങ്ങനെ അഭിപ്രായപ്പെടുന്നവരില്‍ ഒരു വിഭാഗം വിശദീകരിക്കുന്നതിങ്ങനെയാണ്: وطء (ചവിട്ടി) എന്ന ക്രിയയില്‍ നിന്നുള്ള ശാസനാരൂപം-امر-ആയ طَأ നോട് ها എന്ന സര്‍വനാമം ചേര്‍ത്ത് طَأْهَا യെ ഉച്ചാരണ സൗകര്യാര്‍ഥം طه ആക്കിയതാണ്. സര്‍വനാമം സൂചിപ്പിക്കുന്നത് ഭൂമിയെയാണ്. ഭൂമിയില്‍ ശരിക്കും ചവിട്ടിനില്‍ക്കുക എന്നാണ് താല്‍പര്യം. ഈ കല്‍പനയുടെ സാംഗത്യത്തെക്കുറിച്ച് അവര്‍ പറയുന്നു: ആദ്യകാലങ്ങളില്‍ പ്രവാചകനും ശിഷ്യന്മാരും മടമ്പ് ഉയര്‍ത്തി പാദങ്ങളുടെ മുന്‍വശങ്ങളില്‍ നിന്നുകൊണ്ടാണ് നമസ്‌കരിച്ചിരുന്നത്. അങ്ങനെ ക്ലേശിച്ച് നമസ്‌കരിക്കേണ്ടതില്ല, പാദങ്ങള്‍ ശരിക്കും ഭൂമിയില്‍ അമര്‍ത്തി വെച്ച് നമസ്‌കരിച്ചുകൊള്ളുക എന്നാണ് പറയുന്നത്. ആദ്യകാലത്ത് അവര്‍ ഒറ്റക്കാലില്‍ നിന്നാണ് നമസ്‌കരിച്ചിരുന്നത്. അങ്ങനെ ബുദ്ധിമുട്ടാതെ രണ്ടു കാലും നിലത്ത് ചവിട്ടി നിന്ന് നമസ്‌കരിക്കാന്‍ കല്‍പിക്കുന്നുവെന്നാണ് മറ്റൊരു വിശദീകരണം. അക്ക് (عَكّ) അല്ലെങ്കില്‍ ഉക്ല് (عُكْل) ഗോത്രം മനുഷ്യന്‍ എന്ന അര്‍ഥത്തില്‍ ഉപയോഗിച്ചിരുന്ന പദമാണ് طه എന്നാണ് ഇനിയൊരഭിപ്രായം. പ്രവാചകനെ ഹേ മനുഷ്യാ എന്നു സംബോധന ചെയ്തുകൊണ്ട് തുടങ്ങിയിരിക്കുകയാണിവിടെ. മറ്റു ചിലരുടെ വീക്ഷണത്തില്‍ ഈ പദം അബ്‌സീനിയരുടെയോ നബാതിയരുടെയോ ഭാഷയില്‍ നിന്നുള്ളതാണ്. ياحبيبي എന്റെ പ്രിയപ്പെട്ടവനേ എന്നാണ് ആ ഭാഷയില്‍ അതിനര്‍ഥം. طه എന്ന് വാക്കിലൂടെ മനുഷ്യനെ പിടിച്ചാണയിടുകയാണ് എന്ന അഭിപ്രായപ്പെട്ടവരുമുണ്ട്. ഈ അഭിപ്രായങ്ങള്‍ക്കെല്ലാം ആധാരമാക്കപ്പെടുന്ന നിവേദനങ്ങള്‍ ദുര്‍ബലങ്ങളാണ്. പരാമൃഷ്ട ഭാഷകളില്‍ طه എന്ന പദമുണ്ടെങ്കില്‍ തന്നെ തെളിഞ്ഞ അറബി ഭാഷയിലുള്ള (عربي مبين) ഖുര്‍ആന്‍ ഇവിടെ ആ ഭാഷയിലെ പദങ്ങള്‍ ഉപയോഗിച്ചിരിക്കുകയാണെന്ന നിഗമനത്തെ സാധൂകരിക്കുന്ന ന്യായമോ സാഹചര്യത്തെളിവോ ഇല്ല.

**2,3**

മൂലത്തിലെ تشقى-യുടെ കർതൃപദമായ شقي സൂറഃ *മർയമിൽ* ആവർത്തിച്ചുവന്നിട്ടുണ്ട്. അർഥം അവിടെ വിശദീകരിച്ചിരിക്കുന്നു. ക്ലേശിതനും ദുഃഖിതനും നിസ്സഹായനുമാവുക എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. അനുസ്മരണമാണ് تذكرة ന്റെ മൗലികമായ അർഥം. അതായത് മനസ്സിൽ മറന്നു കിടക്കുന്നത് ഓർമിപ്പിക്കുക. ഏകദൈവവിശ്വാസം മനുഷ്യന്റെ പ്രകൃതിയിൽ തന്നെയുള്ളതാണ്. അശ്രദ്ധ മൂലം മനസ്സിന്റെ ഉപരിതലത്തിൽ നിന്ന് അടിത്തട്ടിലേക്കാണ്ടുപോയതായിരുന്നു. ഈ പ്രകൃതിപരമായ ബോധത്തിന്റെ ഉണർത്തലാണ് ഇസ്‌ലാമിലേക്കും തൗഹീദിലേക്കുമുള്ള പ്രബോധനത്തിലൂടെ നടത്തുന്നത്. അതിനുള്ള മാധ്യമമാണ് ഖുർആൻ. അല്ലാഹു ഖുർആനെ الذّكر എന്ന് വ്യവഹരിക്കുന്നതും ഈ അടിസ്ഥാനത്തിലാണ്. خشية-ൽ നിന്നുള്ള ക്രിയയാണ് يخشى. സാധാരണ ഭയത്തിന് خوف ആണ് ഉപയോഗിക്കുക. ഭയപ്പെടുന്നതിനോടുള്ള ഭക്തിയും ആരാധനയും ചേർന്ന ഭാവമാണ് خشية. മറ്റു പലയിടത്തും-للمتقين-ദൈവഭക്തന്മാർക്ക് എന്ന് പറഞ്ഞിട്ടുള്ളതിന് സമാനമാണിത്.

സൂക്തങ്ങളുടെ അവതരണ പശ്ചാത്തലം പരിഗണിക്കുമ്പോൾ താൽപര്യമിതാണ്: പ്രവാചകൻ ഈ ദൈവിക സന്ദേശം പ്രബോധനം ചെയ്യുന്നതിന്റെ പേരിൽ പലതരം പീഡനങ്ങളും മനഃക്ലേശങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന് അല്ലാഹുവിനറിയാം. എന്നാൽ, പ്രവാചകനെ ഇങ്ങനെ ക്ലേശിപ്പിക്കുകയല്ല ഈ ഖുർആൻ അവതരിപ്പിച്ചുതന്നതിന്റെ ലക്ഷ്യം. ഇത് ജനങ്ങളെ അവർ വിസ്മരിച്ച ഒരു പ്രകൃതി സത്യത്തിലേക്ക് ഉണർത്തുന്ന സന്ദേശമാണ്. ഈ സന്ദേശം അവർക്ക് എത്തിച്ചുകൊടുക്കുക മാത്രമാണ് പ്രവാചകന്റെ ദൗത്യം. സത്യത്തോടുള്ള പ്രകൃതിപരമായ താൽപര്യം തീരെ നശിച്ചുകഴിഞ്ഞിട്ടില്ലാത്തവരുടെയും ദൈവബോധം മനസ്സിൽ നിന്ന് മരിച്ചുപോയിട്ടില്ലാത്തവരുടെയും അന്തരാളങ്ങളിലേക്ക് അത് ഇറങ്ങിചെല്ലും. അല്ലാത്തവരിലേക്ക് കുത്തിയിറിക്കാനൊന്നും പ്രവാചകന് സാധിക്കുകയില്ല. അതായത്, പ്രവാചകൻ അവരിലില്ലാത്ത ഒന്ന് പുറമെ നിന്ന് കൊണ്ടുവന്ന് കൊടുക്കുകയല്ല; മറിച്ച് അവരുടെ അന്തരാളങ്ങളിൽ വിസ്മൃതിയുടെ അടിത്തട്ടിൽ മറഞ്ഞുകിടക്കുന്ന ഒരു സത്യത്തെ ഓർമിപ്പിക്കുകയാണ്. ഖുർആന്റെ അടിസ്ഥാന സ്വഭാവം സൂക്ഷ്മമായി പഠിച്ചുനോക്കിയാൽ മനസ്സിലാകും, മനുഷ്യപ്രകൃതിക്കന്യമായ ചില ആശയങ്ങൾ നമ്മിൽ അടിച്ചേൽപിക്കുകയല്ല അത് ചെയ്യുന്നതെന്ന്. അശ്രദ്ധയാലോ വസ്മൃതിയാലോ നമ്മുടെ ബോധമണ്ഡലത്തിൽനിന്ന് മാറിനിൽക്കുന്നതും എന്നാൽ നമ്മുടെ പ്രകൃതി താൽപര്യപ്പെടുന്നതുമായ യാഥാർഥ്യങ്ങൾ സ്മൃതിപഥത്തിൽ സജീവമായി പ്രകാശിതമാക്കുകയാണത് ചെയ്യുന്നത്. അത് നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്ന തെളിവുകളും ന്യായങ്ങളും പോലും നമുക്ക് ഏറെ സുപരിചിതവും ബുദ്ധിക്ക് സ്വീകാര്യവുമാണ്. പക്ഷേ ഒന്നുകിൽ നാം അവ പ്രയോജനപ്പെടുത്തുന്നില്ല. അല്ലെങ്കിൽ അവ വിളംബരം ചെയ്യുന്ന സത്യങ്ങൾക്കു നേരെ കണ്ണും കാതും അടച്ചുപിടിക്കുന്നു. അത് പരാമർശിക്കുന്ന ചരിത്രവും ജനങ്ങൾക്ക് അറിയാവുന്നതാണ്. പക്ഷേ, പ്രവാചകവര്യന്മാരുടെ അധ്യാപനങ്ങൾ ലഭിച്ച സമുദായങ്ങളുടെ പിൻഗാമികൾ പോലും സ്വന്തം പൂർവികരെ ശരിയായി പിന്തുടരാൻ കൂട്ടാക്കുന്നില്ല. ഇത്തരം ആളുകളുടെ പിമ്പെ നടന്ന് ക്ലേശിക്കുകയോ അവരുടെ ഗതിയോർത്ത് ദുഃഖിക്കുകയോ ചെയ്യേണ്ട കാര്യമില്ല. പ്രവാചകന്റെ വീഴ്ച കൊണ്ടല്ല, അവരുടെ വീഴ്ച കൊണ്ടുതന്നെയാണവർ സത്യസന്ദേശം ഉൾക്കൊള്ളാതെ പോകുന്നത്. സത്യ-ധർമങ്ങൾ നിഷേധിക്കുന്നവരിൽനിന്ന് സത്യപ്രബോധകർക്കധിക്ഷേപവും പീഡനവും ഏൽക്കേണ്ടിവരിക ഒരു പുതിയ കാര്യമല്ല. നേരത്തെ വന്ന പ്രവാചകന്മാരെല്ലാം അതനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അതിന്റെ പേരിൽ പ്രബോധകർക്ക് അക്ഷമയോ മനഃക്ലേശമോ ഉണ്ടായിക്കൂടാ. ഇപ്പോൾ നേരിടുന്ന വിഷമങ്ങളൊക്കെയും ഭാസുരമായ ഭാവിക്കു വേണ്ടിയുള്ള ഈടുവെപ്പുകളാണ്. ഉറക്കമിളച്ചും വിനോദങ്ങളുപേക്ഷിച്ചും ബുദ്ധിമുട്ടി പരീക്ഷക്ക് പഠിക്കുന്ന വിദ്യാർഥികളെ ചിലപ്പോൾ കൂട്ടുകാരും വീട്ടുകാരും പരിഹസിച്ചെന്ന് വരാം. ശല്യപ്പെടുത്തുകയും ചെയ്തേക്കാം. അതെല്ലാം അവഗണിച്ച് പഠനവുമായി മുന്നോട്ടുപോകുന്നവർ വിജയം ഉറപ്പാക്കുകയാണ് ചെയ്യുന്നത്. പഠനം പീഡനമായി കരുതി പിന്തിരിയുന്നവർ ഉറപ്പാക്കുന്നത് സ്വന്തം പരാജയമാണ്. ■

